ആത്മശരീരങ്ങളോടെ, സ്വർഗ്ഗീയമഹത്ത്വത്തിലേയ്ക്ക് ആരോപിതയായി. ഇതിനുപുറമേ നമ്മുടെ കർത്താവ് അവളെ പ്രപഞ്ചത്തിന്റെ നാഥയായി വാഴിച്ചു. ഇതു കർത്താക്കളുടെ കർത്താവും, പാപത്തെയും മരണത്തെയും ജയിച്ചവനുമായ തന്റെ തിരുസുതനോട് അവൾ കൂടുതലായി അനുരൂപപ്പെടാൻ വേണ്ടിയായിരുന്നു (വെളി.19:16).

**തമ്പുരാൻ തന്റെ ദാസിയുടെ താഴ്മയെ തൃക്കൺപാർത്തു**

അമ്മയുടെ അനന്യമായ ദൈവമാതൃപദവിയെക്കുറിച്ചു മുമ്പു പരാമർശിച്ചിട്ടുള്ളതാണ്. തന്റെ എളിമയുടെ സമ്മാനമായി സർവ്വശക്തൻ സമ്മാനിച്ചതാണ് അമ്മയുടെ ഈ പദവി. വിനയവും സൗമ്യതയും വഴി ലോകത്തെയും സ്വർഗ്ഗത്തെയും അത്ഭുതപ്പെടുത്തിയ, കീഴ്പ്പെടുത്തിയ, പരിശുദ്ധ കന്യകാമറിയത്തിനു തുല്യം മനുഷ്യമക്കളുടെയിടയിൽ ആരുമില്ല. കാരണം, മാനവരക്ഷയ്ക്കായി, സ്വർഗ്ഗം ചായിച്ചിറങ്ങി വന്ന പിതാവായ ദൈവത്തിന്റെ വചനമായ പുത്രൻ തമ്പുരാനെ പ്രസവിച്ച പരമപരിശുദ്ധയായ കന്യകയാണു നമ്മുടെ അമ്മ. സർവ്വചരാചരങ്ങളുടെയും സ്രഷ്ടാവായ ദൈവം മനുഷ്യരക്ഷാർത്ഥം മനുഷ്യാവതാരം ചെയ്തതു മറിയത്തിന്റെ മാലിന്യമേൽക്കാത്ത ഉദരത്തിലാണ്.

**പ്രവാചകന്മാർ കണ്ട മറിയം:** അത്യത്ഭുതകരമായ മഹാരഹസ്യമാണല്ലോ മനുഷ്യാവതാരം. അതുകൊണ്ടുതന്നെ, ആ ജനനവും അത്ഭുതകരമായിരിക്കണം. പുരുഷസ്പർശം കൂടാതെ, പരിശുദ്ധാത്മ ശക്തിയാൽ, കന്യാമുദ്രയ്ക്ക് ഭംഗമില്ലാതെ, മറിയം ഗർഭം ധരിച്ചു, പുത്രനെ പ്രസവിച്ചു. ഈ അത്യത്ഭുതകരമായ ദിവ്യാവതാരരഹസ്യം മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കും വീണ്ടെടുപ്പിനുമായി സംഭവിക്കുമെന്നു നൂറ്റാണ്ടുകൾക്കുമുമ്പ് ദൈവപ്രസാദം ലഭിച്ച പ്രവാചകന്മാരും ഗ്രോതപിതാക്കന്മാരും ദൃഷ്ടാന്തങ്ങൾ വഴി ഗ്രഹിക്കുകയും പ്രവചിക്കുകയും ചെയ്തിട്ടുണ്ട്.